**അടിയന്തരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: ബ്രഹ്മപുരം തീ പിടിത്തത്തെത്തുടർന്ന് ഇന്നലെ ചേർന്ന കൊച്ചി കോർപ്പറേഷൻ കൗൺസിൽ യോഗത്തോടനുബന്ധിച്ചുണ്ടായതായി പറയപ്പെടുന്ന അനിഷ്ടസംഭവങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. ബ്രഹ്മപുരം മാലിന്യ പ്ലാന്റിലുണ്ടായ തീപിടിത്തവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്നലത്തെ റൂൾ 50 നോട്ടീസിന്റെ പരിഗണനവേളയിൽ വിശദമായി ചർച്ച ചെയ്തതാണ്. എന്നാൽ ഇന്നലെ ചേർന്ന കൊച്ചി കോർപ്പറേഷൻ കൗൺസിൽ യോഗവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ക്രമസമാധാന പ്രശ്നങ്ങൾ റൂൾ 50 നോട്ടീസായി അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ട ഗൗരവസ്വഭാവമുള്ള ഒന്നായി കണക്കാക്കാനാവില്ല. എന്നിരുന്നാലും ശ്രീ. റോജി എം. ജോണിന് പ്രസ്തുത വിഷയം ഇന്നത്തെ ആദ്യ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്. (...ബഹളം...)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബ്രഹ്മപുരം പ്ലാന്റുമായി ബന്ധപ്പെട്ട വിഷയത്തെ സംബന്ധിച്ച് ഇന്നലെ റൂൾ 50 പ്രകാരം

നോട്ടീസ് നൽകിയിരുന്നെങ്കിലും അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചു. ഇന്നലെ അതിനുശേഷമുണ്ടായ ഗൗരവതരമായ ഒരു സംഭവമാണിത്. ഞങ്ങളുടെ മുതിർന്ന നേതാക്കളും കൊച്ചി നഗരസഭയിലെ സീനിയർ കൗൺസിലർമാരുമടക്കമുള്ള ആളുകൾ ക്രൂരമായ മർദ്ദനമാണ് ഏറ്റുവാങ്ങിയത്. ഒരു കൗൺസിലറുടെ തലയിൽ 19 സ്റ്റിച്ചാണ്, കാൽ ഒടിഞ്ഞിട്ടുണ്ട്. നിരവധി ആളുകൾക്കാണ് പരിക്കേറ്റിരിക്കുന്നത്. നഗരസഭയിലെ പ്രതിപക്ഷ കൗൺസിലർമാരെ ഒരു മുറിയിൽ പൂട്ടിയിട്ടതിനുശേഷം മറ്റൊരു മുറിയിലാണ് മേയറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നത്. ഗൗരവതരമായ വിഷയമാണ് ബ്രഹ്മപുരം പ്രശ്നം. ആ വിഷയത്തിൽ സമരം ചെയ്യുന്ന ആളുകൾക്കുനേരെ പോലീസിനെ അയച്ച്, പോലീസ് അവിടെ അഴിഞ്ഞാടുന്ന സംഭവമുണ്ടായി. ഇന്നലത്തേതുപോലെ ഈ വിഷയം മന്ത്രിമാരെ ഏല്പിക്കാൻ കഴിയില്ല. ഈ വിഷയത്തിൽ മുഖ്യമന്ത്രിക്ക് മറുപടി പറയേണ്ടിവരും. കാരണം, പോലീസ് അഴിഞ്ഞാട്ടമാണ്. തുടക്കം മുതൽ മുഖ്യമന്ത്രി ഈ വിഷയത്തിൽനിന്ന് ഒളിച്ചോടുകയാണ്. അതുകൊണ്ട് മനഃപൂർവ്വം അടിയന്തരപ്രമേയം അനുവദിക്കാത്തതാണ്. ഒരു കാരണവശാലും ഞങ്ങൾക്കിത്

അംഗീകരിക്കാൻ കഴിയില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കോർപ്പറേഷൻ കൗൺസിൽ യോഗത്തിൽ പങ്കെടുക്കാനെത്തിയ യു.ഡി.എഫ്. കൗൺസിലർമാരെ യോഗത്തിൽ പങ്കെടുക്കാൻ അനുവദിക്കാത്തതായ വിഷയമാണ് ശ്രീ. റോജി എം. ജോണിന്റെ നോട്ടീസിൽ പറഞ്ഞിട്ടുള്ളത്. യു.ഡി.എഫ്. കൗൺസിലർമാരുടെ ലീഡർ ശ്രീ. ആന്റണി കുരിത്തറ ഉൾപ്പെടെയുള്ള 28 കൗൺസിലർമാർ കൊടുത്തിരിക്കുന്ന കത്തിൽ പ്രസ്തുത കൗൺസിൽ യോഗത്തിൽ ഞങ്ങൾക്ക് പങ്കെടുക്കാൻ സാധിക്കില്ലെന്ന് നേരത്തെതന്നെ അറിയിച്ചിട്ടുണ്ട്. (...ബഹളം...)

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....... കേരളത്തിൽ തൊള്ളായിരത്തിലേറെ കോർപ്പറേഷനുകളും എൽ.എസ്.ജി.ഡി.-കളുമുണ്ട്. ഈ

എൽ.എസ്.ജി.ഡി.-യിൽ നടക്കുന്ന യോഗങ്ങളിലൊക്കെ പ്രശ്നങ്ങളുണ്ടാകും. അതൊന്നും ഇവിടെ വന്ന് ചർച്ച ചെയ്യാൻ കഴിയില്ല. ഈ സഭ വളരെ ഗൗരവമായി ചർച്ച ചെയ്തതാണ്. (...ബഹളം...)